LIBRARY ARCHIVES Kerala Legislative Assembly

## എസ്. സി./ എസ്. റ്റി./ഒ. ഇ. സി. വിഭാഗങ്ങൾക്ക് സ്റ്റൈപെന്റ് നൽകുന്നതിന് നടപടി

14 [594] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള കോളേജുകളിൽ പഠിക്കുന്ന എസ്. സി./ എസ്. റ്റി./ഒ. ഇ. സി. വിദ്യാർത്ഥികൾക്ക് എത്ര മാസത്തെ സ്റ്റൈപെന്റ് കൊടുക്കുവാനുണ്ട്;

(ബി) ആയതിന് എന്ത് തുക വേണ്ടി വരും; എത്ര കുട്ടികൾക്ക് പ്രസ്തുത ആനുകൂല്യം ലഭിക്കുന്നുണ്ട്; ആയത് എപ്പോൾ കൊടുത്ത് തീർക്കുവാൻ സാധിക്കും എന്നു വ്യക്തമാക്കുമോ?

*ഉത്തരം*

(എ) പട്ടികജാതി വിദ്യാർത്ഥികളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്. ഐ.എച്ച്.ആർ.ഡി.-യുടെ കീഴിലുള്ള കോളേജുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ/ ഒ.ഇ.സി. വിദ്യാർത്ഥികളിൽ കാസർഗോഡ്, ഇടുക്കി ജില്ലകളിൽ പഠിക്കുന്നവർക്ക് 6 മാസത്തെ സ്റ്റൈപെന്റും പാലക്കാട് ജില്ലയിൽ 3 മാസത്തെ സ്റ്റൈപെന്റും നൽകാനുണ്ട്.

(ബി) പട്ടികജാതി വിദ്യാർത്ഥികളുടെ വിവരം ശേഖരിച്ചു നൽകുന്നതാണ്. പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ആയതിന് 44,769 രൂപ വേണ്ടി വരും. ആകെ 13 പട്ടികവർഗ്ഗ കുട്ടികൾക്ക് ആനുകൂല്യങ്ങൾ നൽകുവാനുണ്ട്. 2005 ജൂലൈ അവസാനത്തോടെ ഇതു കൊടുത്തു തീർക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സ്റ്റൈപെന്റും ലംപ്സംഗ്രാന്റും

15 [595] *ശ്രീ. പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004-2005 അദ്ധ്യയന വർഷം സംസ്ഥാനത്തെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിച്ച പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ഏതെല്ലാം മാസങ്ങളിലെ സ്റ്റൈപെന്റും ലംപ്സംഗ്രാന്റും നൽകുവാനുണ്ട്;